**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** | **06-10-2021 - ൽ മറുപടിയ്ക്ക്**

**വനാവകാശ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | വനാവകാശ സമിതികളുടെ ചുമതലകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | വനാവകാശ സമിതികളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു. വനാവകാശം ഉന്നയിക്കുന്നവരിൽ നിന്ന് അതു സംബന്ധിച്ച അപേക്ഷ ലഭിക്കുവാൻ സമിതി നടപടികളെടുക്കണം. വനാവകാശത്തിനുള്ള നിശ്ചിത ഫോറത്തി ലുള്ള അപേക്ഷയും അനുബന്ധ രേഖകളും വനാവകാശ സമിതിയുടെ ചെയർമാനോ/ സെക്രട്ടറിയോ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകി അപേക്ഷകൾ കൈവശം വയ്ക്കണം. അപേക്ഷകൾ ചട്ടം അനുശാസിക്കും വിധമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കണം. അപേക്ഷകനെയും വനം വകുപ്പിനെയും മുൻകൂട്ടി അറിയിച്ചതിനു ശേഷം നേരിട്ടു പോയി അവരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധനകളും തെളിവെടുപ്പുകളും നടത്തണം. തെളിവെടുപ്പും സ്ഥലപരിശോധനയും ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും സാക്ഷി കളുടെയും സാന്നിദ്ധ്യത്തിൽ നടത്തിയെന്ന് ഉറപ്പാക്കണം. റിപ്പോർട്ട് തയ്യാറാക്കി (പ്രസ്തുത വനഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചു കൊണ്ടുള്ള ഭൂരേഖാ ചിത്രത്തോടുകൂടി) അവരുടെ കണ്ടെത്തലുകൾ അപേക്ഷകളിൽ രേഖപ്പെടുത്തി (സാമുദായിക അവകാശത്തിനുള്ള അപേക്ഷ ഉൾപ്പെടെ) അവ ഗ്രാമസഭകളുടെ പരിഗണനയ്ക്കായി സമർപ്പിക്കണം. വനാശ്രിത ആദിമസമൂഹങ്ങളിൽപ്പെട്ടവരുടെ ആവാസമേഖലകൾ നിർണ്ണയിക്കുന്ന വേളകളിൽ അവരുടെ ഗോത്രപാരമ്പര്യ സ്ഥാപനങ്ങളുമായി തുറന്നു സംവദിച്ചതിനു ശേഷം മാത്രമാണ് തീരുമാനമെടുത്തതെന്ന് ഉറപ്പുവരുത്തണം. അയൽ ഗ്രാമസഭകൾ തമ്മിൽ വനാവകാശ മേഖലകളെ സംബന്ധിച്ച് അതിർത്തി തർക്കമുയരുന്ന പക്ഷം ബന്ധപ്പെട്ട വനാവകാശ സമിതികൾ |

| | | | |
|---|---|---|---|
| | | | കൂടിയാലോചിച്ച് അതിരുകൾ നിശ്ചയിക്കുകയും തീരുമാനങ്ങൾ എടുക്കുകയും വേണം. |
| (ബി) | വനാവകാശ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഗ്രാമസഭയുടെ ആദ്യയോഗത്തിൽ തന്നെ 10-നും 15-നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (എഫ്.ആർ.സി) തെരഞ്ഞെടുക്കുന്നു. എല്ലാ തട്ടിലുമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി അവരവരുടെ യെല്ലാം അർഹമായ പ്രാതിനിധ്യം സമിതിയിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പട്ടികവർഗ്ഗ മേഖലകളിലുള്ള സമിതികളിൽ മൂന്നിൽ രണ്ടെങ്കിലും പട്ടികവർഗ്ഗക്കാർ ആയിരിക്കണം. (2012-ലെ നിയമഭേദഗതി പ്രകാരം) അതിൽ തന്നെ മൂന്നിലൊന്നെങ്കിലും അംഗങ്ങൾ സ്ത്രീകളുമായിരിക്കണം. വനാവകാശ നിർണ്ണയ സമിതി അതിന്റെ ചെയർമാനെയും സെക്രട്ടറിയെയും തീരുമാനിച്ച് സബ് ഡിവിഷണൽ സമിതിയെ അറിയിക്കേണ്ടതാണ്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര വനാവകാശ സമിതികളാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് നിലവിൽ 662 വനാവകാശ സമിതികളാണ് രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ